<u>**15 -ാം കേരള നിയമസഭ**</u>

<u>**10 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1806**</u> <u>**02-02-2024 - ൽ മറുപടിയ്ക്ക്**</u>

<u>**ഓപ്പൺ സർവകലാശാല സിൻഡിക്കേറ്റിലേക്കുള്ള നിയമനം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | വിദേശ സർവകലാശാലകളിലേക്ക് കുട്ടികളെ പഠനത്തിന് അയക്കുന്ന കൺസൾട്ടൻസി സ്ഥാപനമായ സാന്റ മോണിക്കയുടെ ഡയറക്ടറെ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ സിൻഡിക്കേറ്റിലേക്ക് തെരഞ്ഞെടുക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; | (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലാ സിൻഡിക്കേറ്റിൽ നിന്നും ഡോ.പ്രേംകുമാർ കെ.പി. രാജിവെച്ച ഒഴിവിൽ സർവകലാശാല സിൻഡിക്കേറ്റിലേക്ക് ഡോ.റെനി സെബാസ്റ്റ്യൻ, ഹൗസ് നം. 24, ഡിഡി. വില്ലേജ്, മെയ് ഫസ്റ്റ് റോഡ്, തമ്മനം പി.ഓ., കൊച്ചി 682032 -നെയും യൂണിവേഴ്സിറ്റിയുടെ രജിസ്റ്റേഡ് വിദ്യാർത്ഥികളുടെ വിഭാഗത്തിൽ നിന്നും അനുശ്രീ കെ., കോളോത്ത് വീട്, കോഴൂർ, എരുവട്ടി പി.ഓ., കണ്ണൂർ, പിൻ 670642 (എം.എ. ഹിസ്റ്ററി ഒന്നാം വർഷ വിദ്യാർത്ഥി) -യെയും നാമനിർദ്ദേശം ചെയ്ത 10.01.2024 തീയതിയിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലാ രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പോസ്റ്റ് ഡോക്ടറൽ ഫെല്ലോ ആയിരുന്ന ഡോ. റെനി സെബാസ്റ്റ്യൻ വിദ്യാഭ്യാസ വിദഗ്ധ എന്ന നിലയിലാണ് നാമനിർദ്ദേശം ചെയ്യപ്പെട്ടത്. |
| (ബി) | വിദേശ സർവകലാശാലകളിലേക്ക് കുട്ടികളെ പഠനത്തിന് അയക്കുന്ന ഏജൻസിയുടെ ഡയറക്ടറെ ഓപ്പൺ സർവകലാശാലയുടെ സിൻഡിക്കേറ്റിലേക്ക് നിയമിക്കുവാൻ ശിപാർശ ചെയ്തത് ആരാണെന്നും ഏത് രംഗത്തെ വിദഗ്ധ എന്ന നിലയിലാണ് നിയമിച്ചതെന്നും വ്യക്തമാക്കുമോ; പ്രസ്തുത തീരുമാനം റദ്ദാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ